"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്- ബഹു. പാലക്കാട് എം.എ.സി.റ്റി യുടെ ഒ.പി(എം.വി) 631/2019 നമ്പർ വ്യവഹാരത്തിന്റെ വിധി തുക കെട്ടിവയ്ക്കുന്നതിനുളള സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്

സ.ഉ (സാധാ) നം.3159/2024/ധന തീയതി,തിരുവനന്തപുരം, 01/04/2024

പരാമർശം :- 1. ബഹു. പാലക്കാട് എം.എ.സി.റ്റി യുടെ ഒ.പി(എം.വി) 631/2019 നമ്പർ വ്യവഹാരത്തിന്മേലുള്ള 29/12/2023 തീയതിയിലെ വിധി
2. 28/02/2024 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ കെ.എസ്.ഐ.ഡി/ സ്യൂട്ട്/എസ് 4/ ഒ പി(എം.വി) 631/2019 നമ്പർ കത്ത്

ഉത്തരവ്

ഇൻഷ്വറൻസ് വകുപ്പിൽ പരിരക്ഷയുണ്ടായിരുന്ന KL-01-AZ-6699 എന്ന വാഹനം 24/09/2018 തീയതിയിൽ അപകടത്തിൽപ്പെടുകയും ബീന. കെ എന്ന വ്യക്തിക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. ടിയാൾ വകുപ്പിനെ മൂന്നാം എതിർ കക്ഷിയാക്കി ബഹു. പാലക്കാട് എം.എ.സി.റ്റി മുമ്പാകെ ഒ.പി(എം.വി) 631/2019 നമ്പരിൽ നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തു. ബഹു. പാലക്കാട് എം.എ.സി.റ്റി യുടെ പരാമർശം 1 ലെ വിധി പ്രകാരം 15,93,000/-/- രൂപ (പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) ഹർജി തീയതിയായ 06/04/2019 മുതൽ 8% പലിശയുമടക്കം കോടതി ഫീസിനത്തിൽ 17,118/- രൂപയും, (പതിനേഴായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ മാത്രം), ലീഗൽ ബെനഫിറ്റ് ഫണ്ട് ഇനത്തിൽ 17,750/- രൂപയും (പതിനേഴായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം) പ്രൊപ്പോർഷണേറ്റ് കോസ്റ്റ് ഇനത്തിൽ 86,574/- രൂപയും (എൺപത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തി നാല് രൂപ മാത്രം) പരാതിക്കാർക്ക് കെട്ടിവയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിലെ ലോ ഓഫീസർ അപ്പീൽ സാധ്യതയില്ലെന്ന് നിയമോപദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബഹു. തലശ്ശേരി എം.എ.സി.റ്റി യുടെ പരാമർശം 1ലെ വിധി പ്രകാരമുള്ള തുകയായ 15,93,000/- രൂപ (പതിനഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) ഹർജി തീയതിയായ 06/04/2019 മുതൽ 8 % പലിശയുമടക്കം കോടതി ഫീസിനത്തിൽ 17,118/- രൂപയും, (പതിനേഴായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) ലീഗൽ ബനിഫിറ്റ് ഫണ്ട് ഇനത്തിൽ 17,750/- രൂപയും (പതിനേഴായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം) പ്രൊപ്പോർഷണേറ്റ് കോസ്റ്റ് ഇനത്തിൽ - 86,574/-രൂപയും (എൺപത്തി ആറായിരത്തി അഞ്ഞൂറ്റി എഴുപത്തി നാല് രൂപ മാത്രം) പരാതിക്കാരിക്ക് കെട്ടിവെയ്ക്കുന്നതിനുളള അനുമതി ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പലിശ തുകയുടെ കൃത്യത ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

3. പ്രസ്തുത ചെലവ് "8011-ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട്-105- സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-98(01) ആക്സിഡന്റ് ഇൻഷ്വറൻസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ. 2730023)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ